## ആസ്വാദക–നിരൂപണം

# ഡോക്ടർ എ.കെ.ബി. പിള്ള
# അതുല്യ ധിഷണാവിലാസ വിസ്മയം

### സുധീർ പണിക്കവീട്ടിൽ



ആദരണീയനായ ഡോക്ടർ എ..കെ.. ബി. പിള്ള (ഡോക്ടർ എ.കെ. ബാലക്രുഷ്ണ പിള്ള) സാഹിത്യ- ശാസ്ത്ര- സാംസ്കാരിക ലോകത്തിലെ ഒരു ഇതിഹാസമാണു. താൻ ആർജ്ജിച്ച അറിവിന്റെ, ജന്മസിദ്ധമായ പ്രതിഭയുടെ ഒരു പാന്ഥാവ് വെട്ടിതെളിയിച്ചു കൊണ്ട് മനുഷ്യരാശിക്ക് അവരുടെ ജീവിതയാത്ര സുഗമമാക്കാൻ അദ്ദേഹം ആ വഴി കാണിച്ചുകൊടുക്കുന്നു. ചരിത്രം ഒരിക്കലും മറക്കാത്ത പ്രതിഭാധനരും, ശാസ്ത്ര–സാങ്കേതിക വിദഗ്ദരും, സാഹിത്യപ്രതിഭകളും എന്നുമുണ്ടായിട്ടുണ്ട്. ഡോക്ടർ പിള്ള ഇപ്പോൾ നൽകികൊണ്ടിരിക്കുന്ന ശാസ്ത്രപരവും, സാഹിത്യപരവുമായ സംഭാവനകൾ, സേവനങ്ങൾ വിലമതിക്കാനാവാത്തതാണു. അവയെല്ലാം എല്ലാക്കാലവും ചരിത്രത്തിന്റെ താളുകളിൽ വിശിഷ്ടമായ സ്ഥാനം അലങ്കരിക്കുമെന്നുള്ളത് നിസ്തർക്കമാണ്.

അമേരിക്കൻ മലയാളിയായ അദ്ദേഹം മലയാള ഭാഷയുടെ സംരക്ഷണത്തിനും, പരിപാലനത്തിനുമായി അനുഷ്ഠിച്ച സേവനങ്ങളെയും അദ്ദേഹത്തിന്റെ മലയാളം ക്രുതികളേയും ചുരുക്കമായി പ്രസ്താവിക്കാൻ ഈ കൊച്ചു ലേഖനം ഉപയോഗപ്പെടുത്തുന്നു.

തൻെറ ജീവിതവും ചുറ്റുപാടും സർഗ്ഗാത്മകതയുടെ ഒരു സ്രോതസ്സായി കാണുന്ന അനുഗ്രഹീത എഴുത്തുകാരനും, വാഗ്മിയും, ഗുരുവും, ഗവേഷകനും ശാസ്ത്രജ്ഞനും, സാമൂഹ്യസേവകനുമൊക്കെയായ ഈ അതുല്യ പ്രതിഭ നിരന്തരം ഓരോ പരീക്ഷണങ്ങളിൽ വ്യാപ്രുതനായികൊണ്ടിരിക്കുന്നു.

തൻെറ അഭിരുചിക്കനുസരിച്ചുള്ള അനവധി ബിരുദങ്ങൾ പിറന്ന നാടായ കേരളത്തിൽ നിന്നും ഇപ്പോൾ താമസിക്കുന്ന അമേരിക്കൻ ഐക്യ നാടുകളിൽ നിന്നും അദ്ദേഹം കരസ്ഥമാക്കി. എം.എ. കേരള യൂണിവേഴ്സിറ്റി 1955 (മലയാളം, ചരിത്രം, ബ്രിട്ടീഷ് സാഹിത്യം); എം.എ. ഈസ്റ്റ് കരോലിന യൂണിവേഴ്സിറ്റി 1988 (ഇൻഡോ–അമേരിക്കൻ താരതമ്യ സാഹിത്യം, മതം, തത്വശാസ്ത്രം); എം.എ.; എം. ഫിൽ., പി.എച്.ഡി., കൊളമ്പിയ യൂണിവേഴ്സിറ്റി, ന്യൂയോർക്ക്;1969–1975 (Anthropology ഭാഷാശാസ്ത്രം, ശാരീരികശാസ്ത്രം, പുരാവസ്തുചരിത്രശാസ്ത്രം, താരതമ്യസംസ്കാരചരിത്രം) Applied Research, Medical Anthropology; Transcultural Pshychiatry (non-pharmocological), Human Development; 1980- to the present. Founder and Practitioner, Integral Developmnt Therapy. സമഗ്രവികാസ വൈദ്യം – വ്യക്തിയും സമൂഹവും) 1980 Onwards.

ഉത്തമ വ്രുത്തികൾ കൊണ്ടും നന്മകൾ കൊണ്ടും സ്വന്തം ജീവിതം സാത്വികമാക്കാനുള്ള നിരന്തര യത്നം, സഹനശക്തി, സഹാനുഭൂതി, ധൈര്യം എന്നിവ വളർത്താനും പുലർത്താനുമുള്ള ശ്രമം, ശുഭാപ്തി വിശ്വാസം എന്നിവയിൽ അദ്ദേഹം കുട്ടിക്കാലം മുതൽ ശ്രദ്ധിച്ചു. അടിസ്ഥാന സ്വഭാവ രൂപീകരണത്തിൽ ആദ്യഗുരു സ്വന്തം അപ്പൂപ്പനായിരുന്നു. ശൈശവത്തിലും ബാല്യത്തിലും അദ്ദേഹം പഠിപ്പിച്ചത് എന്നും മനസ്സിൽ കൊണ്ട് നടന്നു. മഹാഭാരതത്തിലേയും ഭഗവത്ഗീതയിലേയും മൂല്യങ്ങളും ആത്മീയതയും പിന്നിട്ട ജീവിതകാലം മുഴുവൻ ശ്രീക്രുഷ്ണൻെറ വിജ്ഞാനം വ്യക്തിവികാസത്തിനു വഴിക്കാട്ടി. കുട്ടിക്കാലം മുതലുള്ള ജീവിതാനുഭവങ്ങൾ അദ്ദേഹത്തിൻെറ ചിന്തശക്തികളെ ബലപ്പെടുത്തി. ആറാം വയസ്സിൽ സ്കൂളിൽ വച്ച് ഗാന്ധിയെ സ്പർശിച്ചതും തിരിച്ച് ഗാന്ധി നൽകിയ പുഞ്ചിരിയും ഇന്നും ഓർമ്മകളിൽ താലോലിക്കുന്നു. അഖിലേന്ത്യ പര്യടനത്തിൽ ഗാന്ധിജിയുടെ പ്രധാന ആശ്രമങ്ങളിൽ താമസിക്കുകയും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. കൊല്ലത്ത് ഹൈസ്കൂൾ വിദ്യാർത്ഥി ആയിരുന്ന കാലം മുതൽ, ഗാന്ധിയൻ പ്രസ്ഥാനത്തിലും ഭാരത സ്വാതന്ത്രത്തിലും പങ്കെടുത്തി ട്ടുണ്ടു.

ഗാന്ധിയനായ എം.പി. മന്മഥൻെറ കൂടെ ഗ്രാമ സ്വരാജ് പത്രത്തിൽ പ്രവർത്തിച്ചു. അക്കാലത്ത് പുരോഗമന പ്രസ്ഥാനത്തിൻെറ സ്വാധീനം കൈവരുകയും ചെയ്തു. മണ്ണിൻെറ മക്കൾ എന്ന ആദ്യകഥാസമാഹാരം പുറത്തിറങ്ങി. തകർന്നുപോയ നായർ തറവാടിനെ അധിഷ്ഠിതമാക്കി നിരൂപകരുടേയും പത്രമാസികകളുടേയും അഭിനന്ദനം നേടിയ വിവാഹം എന്ന നോവൽ പതിനാറാമത്തെ വയസ്സിൽ പ്രസിദ്ധീകരിച്ചു.

1947–54 കാലഘട്ടത്തിൽ സാഹിത്യസ്രുഷ്ടികൾ കൂടുതൽ പ്രസിദ്ധീകരിച്ചു. “ജയിച്ചുവരും” (കഥാസമാഹാരം). സാഹിത്യസ്രുഷ്ടിപരമായ നീണ്ട മുഖവരയിൽ സാഹിത്യം സ്രുഷ്ടോന്മുഖമായിരിക്കണം എന്ന വാദം ഇദ്ദേഹം ഉന്നയിച്ചു. മറ്റു സമാഹാരങ്ങൾ ‘സ്നേഹവും സൗന്ദര്യവും” (പുതിയ രാജാവും പുതിയ പ്രജകളും, രാഷ്ട്രീയനേതാക്കന്മാരും രാഷ്രീയവൽക്കരിച്ച പ്രജകളും). എന്നീ സാഹിത്യസ്രുഷ്ടികൾ അന്നത്തെ പത്രമാസികകളിൽ വന്നുകൊണ്ടിരുന്നു, അവർ പ്രതിഫലവും നൽകി. നമുക്ക് ചുറ്റുമുള്ള ജീവിതത്തെ മാത്രമല്ല അതു അഖിലേന്ത്യ തലത്തിൽ എങ്ങനെയാണെന്നറിയാൻ ഒരു ഭാരതപര്യടനവും ഒപ്പം ഹിന്ദു–മുസ്ലീം–വർഗ്ഗീയ ലഹളക്കാലത്ത് സധൈര്യമായി കിഴക്കേപാക്കിസ്ഥാനും സന്ദർശിച്ചു. അതിൻെറ ഫലമായി സൗന്ദര്യഭൂമിയിലെ ജനത (കാശ്മീർ) കിഴക്കെ പാക്കിസ്ഥാൻ എന്നീ ക്രുതികൾ എഴുതി. ഇവ വെറും യാത്രവിവരണങ്ങളായിരുന്നില്ല. മറിച്ച് ലക്ഷ്യബോധവും ജീവൽപ്രശ്നങ്ങളുടെ പ്രതിപാദ്യവും ഈ ക്രുതികളെ സഞ്ചാര സാഹിത്യക്രുതികളാക്കി. യാത്രാവിവരണവും സഞ്ചാരസാഹിത്യവും തമ്മിൽ വേർതിരിച്ചത് ഡോക്ടർ എ.കെ.ബി പിള്ളയാണ്. (സമഗ്ര വികാസ സാഹിത്യവും മലയാളവും എന്ന അദ്ദേഹത്തിൻെറ ക്രുതി വായിക്കുക).

യാത്രകൾ ഒരു ജീവിതപഠന ഭണ്ഡാഗാരമായി എന്നു അദ്ദേഹം എഴുതിയിട്ടുണ്ടു. സഞ്ചാരജീവിതത്തിൻെറ ഒന്നാം ഘട്ടത്തിൽ കേരളം മുഴുവൻ സഞ്ചരിച്ചു. രണ്ടാം ഘട്ടത്തിൽ ഭാരത പര്യടനവും. ഇക്കാലത്ത് നിരവധി വ്യക്തികൾ, ജീവിത രീതികൾ, മതാനുഷ്ഠാനങ്ങൾ എന്നിവയിലെ വൈവിധ്യങ്ങൾ മനസ്സിലാക്കി. മതഭ്രാന്തന്മാരുടേയും അക്രമികളുടേയും ഉപദ്രവത്തിൽ നിന്ന്, രക്ഷപ്പെട്ടത് ഒരു അനുഭവമായി സൂക്ഷിക്കുന്നു. ബുദ്ധിജീവികളുമായി (സാഹിത്യകാരന്മാർ, സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർ, തൊഴിലാളി നേതാക്കൾ തുടങ്ങിയവർ) സമ്പർക്കം പുലർത്തു അവരിൽ ഭാരതത്തിലെ പ്രമുഖ സാഹിത്യകാരന്മാരായ

ഡോക്ടർ മുൾക്കുരാജ് ആനന്ദ്, ർ. കെ. നാരായൺ, കിഷൻ ചന്ദർ, രാഷ്ട്രീയ പ്രമുഖർ ജ്യോതി ബാസു, (ബംഗാൾ) കാശ്മീരിലെ മുതിർന്ന നേതാവ് മൗലാന മുഹമ്മദ് സയ്യിദ് മസൂറി, തുടങ്ങിയവർ ഉൾപ്പെടുന്നു. പുരോഗമന സാഹിത്യപ്രസ്ഥാനം, ഭാരതത്തിലെ ജീവിതോദ്ധാരണത്തിനുള്ള വഴികൾ, മത–സാമൂഹ്യപ്രശ്നങ്ങളുടെ പരിഹാരങ്ങൾ എന്നിവയെക്കുറിച്ച് ദീർഘമായി ചർച്ചകൾ നടത്താനും ഈ അവസരം ഉപയോഗിച്ചു.

തിരുവനന്തപുരത്ത് എം.എ. വിദ്യാർത്ഥിയായിരുന്നപ്പോൾ തീവ്രമായ സാഹിത്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. അന്നത്തെ പ്രസിദ്ധരായ എഴുത്തുകാരായ പ്രൊഫ. ഇളംകുളം കുഞ്ഞൻ പിള്ള, പ്രൊഫ. എൻ. ക്രുഷ്ണപിള്ള , പ്രൊഫ. ക്രുഷ്ണൻ നായർ, പ്രൊഫ. എസ്. ഗുപ്തൻ നായർ, കെ. സുരേന്ദ്രൻ, എം.കെ. കുമാരൻ, തുടങ്ങിയവരുമായി അടുത്ത ബന്ധം പുലർത്തി. പിന്നീട് ശ്രീശങ്കര കോളേജിൽ ഇംഗ്ലീഷ് പ്രൊഫസ്സറായിരിക്കുമ്പോൾ എൻ. വി. ക്രുഷ്ണവാര്യർ സംഘടിപ്പിച്ച കേരള സാഹിത്യ സമിതിയുടെ എക്സിക്യൂട്ടിവ് അംഗമായി പ്രവർത്തിച്ചു. ഇവിടെവച്ച് പെരിയാറിലെ വെള്ളപ്പൊക്കത്തിൽ വീടു നഷ്ടപ്പെട്ടവരെ സഹായിക്കാൻ അവസരം ലഭിച്ചു. വീട് നഷ്ടപ്പെട്ടവർക്ക് വേണ്ടി നൂറിലധികം വീടുകൾ പണിഞ്ഞുകൊടുത്ത കമ്മറ്റിയുടെ നേത്രുത്വം നൽകി. ഡോക്ടർ എ.കെ.ബി സംഘാടകനും പ്രസിഡണ്ടും എന്ന നിലക്കും ഫാദർ ജേക്കബ് പാറേൽ, കമ്യൂണിസ്റ്റ് പ്രവർത്തകൻ ആണ്ടലോട്ട് എന്നിവർ സഹകാരികളായി സർവ പാർട്ടി സഹകരണത്തിൻേറയും ചരിത്രം സ്രുഷ്ടിച്ചു.

അദ്ദേഹത്തിൻെറ സർഗ്ഗാത്മക സ്രുഷ്ടികളിൽ സമൂഹനന്മയാണു ലക്ഷ്യമിടുന്നത്. ഒരു ബഹുമുഖ പ്രതിഭയായ ഇദ്ദേഹത്തിൻെറ രചനകളിലെല്ലാം ഒരു ദാർശനികത അലിഞ്ഞ് ചേരുന്നതായി കാണാം. സനാതന ധർമ്മത്തിൻെറ വേദ സംഹിതകൾ ആധുനികതയിൽ തന്നെയുണ്ടെന്നും അതു ലളിതമായി അപഗ്രഥനം ചെയ്തു സമൂഹത്തെ ബോധവാന്മാരാക്കുകയെന്നു മുള്ള ദൗത്യം തൻെറ രചനകളിലൂടെ അദ്ദേഹം നിർവ്വഹിക്കുന്നു. ഭാരതീയ ദർശനങ്ങളും, തത്വങ്ങളും ആഴത്തിൽ മനസ്സിലാക്കിയിട്ടുള്ള അദ്ദേഹം തൻെറ രചനകളിലൂടെ അതു ജനങ്ങളിലേക്ക് പകരുന്നു. ഇദ്ദേഹത്തിൻെറ ഇംഗ്ലീഷ് പുസ്തകം Transcendental Self ഭാരതീയ സിദ്ധാന്തങ്ങൾ അമേരിക്കൻ എഴുത്തുകാരൻ ഹെൻ്റി ഡേവിഡ് തോറോയെ സ്വാധീനിച്ചതിനെ ആസ്പദ്മാക്കി 1985 ൽ എഴുതിയതാണു. 21

വർഷങ്ങൾക്ക് ശേഷം 2016 ൽ ഈ പുസകത്തിൻെറ കോപ്പി ആമസോൺ.കോം ഇംഗ്ലണ്ട് 980 പൗണ്ടിനു വിറ്റു. ഹിന്ദുമതം മനുഷ്യസ്വഭാവത്തിൻേറയും മനുഷ്യവികാസത്തിൻേറയും പ്രകാശമാണെന്നു ഭഗവത്ഗീത, ഉപനിഷദ്, യോഗസൂത്ര എന്നിവയ അധികരിച്ച് നിരവധി പ്രബന്ധങ്ങൾ അദ്ദേഹം എഴുതി. ആ ലേഖനങ്ങൾ ഉൾകൊള്ളുന്ന ക്രുതിയാണ് "Medical Hinduism). അശ്രദ്ധകൊണ്ടു വഴി തെറ്റുന്ന ഒരു സമൂഹത്തിനു നേരെ പിടിക്കുന്ന വെളിച്ചമായി അദ്ദേഹത്തിൻെറ ക്രുതികൾ/ചർച്ചകൾ, സമ്മേളനങ്ങൾ പ്രകാശിക്കുന്നു. നാട്ടിലെ പണ്ഡിത സദസ്സുകളിൽ വൈവിധ്യമാർന്ന വിഷയങ്ങളെക്കുറിച്ച് പ്രസംഗിക്കാൻ അദ്ദേഹത്തിനു ക്ഷണം കിട്ടുകയും അവയൊക്കെ മാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കയും ചെയ്യുന്നു. കൂടാതെ ധാരളം അഭിമുഖങ്ങളിലും ചർച്ചകളിലും അദ്ദേഹം പങ്കെടുക്കുന്നു.

മനുഷ്യരാശിക്ക് നന്മകൾ നൽകാൻ അനസ്യൂതം പരിശ്രമിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന നല്ല മനസ്സിൻെറ ഉടമയാണു ഡോക്ടർ .എ.കെ.ബി. പിള്ള ഇംഗ്ലീഷിൽ ഇദ്ദേഹം രചിട്ടുള്ള വിശ്വോത്തര പ്രബന്ധങ്ങൾ, പുസ്തകങ്ങൾ, സംഘടിപ്പിച്ച ചർച്ചകൾ എല്ലാം ഇതിനു സാക്ഷ്യം വഹിക്കുന്നു. ബൗദ്ധികലോകത്തിൻെറ ശ്രദ്ധയാകർഷിച്ച നിരവധി ഗ്രന്ഥങ്ങളുടെ രചന നിർവ്വഹിച്ചിട്ടുള്ള ഇദ്ദേഹം ആ കർമ്മം ഒരു സപര്യ പോലെ തുടർന്നുകൊണ്ടേയിരിക്കുന്നു. 1968–1974 കാലഘട്ടത്തിൽ ന്യൂയോർക്കിലെ കൊളമ്പിയ യൂണിവേഴ്സിറ്റിയിൽ നിന്നും ആന്ത്രൊപ്പോളോജിയിൽ എം.എ.എം.ഫിൽ, പി.എച്ച്.ഡി ബിരുദങ്ങൾ നേടിയതിനു ഒപ്പം അമേരിക്കയിലെ നാഷണൽ ഇൻസ്റ്റിറ്റുട്ട് ഓഫ് മെൻറൽ ഹെൽത്ത് എന്ന പ്രമുഖ സ്ഥാപനത്തിൽ നിന്നും ഗവേഷണ ഫെല്ലോഷി പ്പ് നേടി. കേരളത്തിലെ മരുമക്കത്തായ സമ്പ്രദായങ്ങളെപ്പറ്റിയുള്ള ഗവേഷണത്തിൽ ഉച്ചനീചത്വത്തിൻെറ ഉൾചുഴികൾ എങ്ങനെ മരുമക്കത്തായം സ്രുഷ്ടിച്ചു എന്നു കണ്ടെത്തി. ഇതേക്കുറിച്ച് ഇംഗ്ലീഷിൽ എഴുതിയ പുസ്തകമാണ് Culture of Social Stratification/Sexism.

ഈ സമയത്ത് തന്നെ നിരവധി ഗവേഷണങ്ങളിലൂടെ മാനവശാസ്ത്രത്തിൽ അദ്ദേഹത്തിനു നൈപുണ്യം കൈവരിക്കാൻ സാധിക്കുകയും അതിനെ മൂർച്ചപ്പെടുത്തി മനുഷ്യ സ്വഭാവം, സമൂഹം, സംസ്കാരം തുടങ്ങിയ എല്ലാ

മനുഷ്യജീവിതഘടകങ്ങളേയും ശാസ്ത്രീയമായ അപഗ്രഥനവും പുനഃസൃഷ്ടിക്ക് ആവശ്യമായ പ്രക്രിയകകളിലേർപ്പെട്ടിരിക്കയും ചെയ്യുന്നു.

അക്കാദമിക്ക് തലത്തിലും സാഹിത്യപ്രവർത്തനങ്ങൾക്കുമൊപ്പം പൊതുക്ഷേമ പ്രവർത്തന രംഗത്തേക്ക് –കാലിക പ്രാധാന്യമുള്ള വിഷയങ്ങളിലേക്ക് ശ്രദ്ധ തിരിച്ചപ്പോഴും അദ്ദേഹത്തിലെ അദ്ധ്യാപകൻ അല്ലെങ്കിൽ ഗുരു കർമ്മോദ്യുക്തനാകുന്നത് കാണാവുന്നതാണ്. മനുഷ്യരിലെ അജ്ഞത അകറ്റി അവർക്ക് വിജ്ഞാനത്തിൻെറ പ്രകാശം പകരുകയെന്ന ദൈവീകമായ ദൗത്യം ഇദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നത് പ്രകടമാണ്. ദേശീയവും സാർവദേശീയവുമായ സമഗ്ര വികസന വിദഗ്ദ്ധോളപദേശകൻ, ദാർശനികൻ, എഴുത്തുകാരൻ എന്നീ നിലകളിൽ ഇംഗ്ലീഷിലും മലയാളത്തിലും ഇദ്ദേഹം സജീവമാണ്. ഏതൊരു വിഷയവും സൂക്ഷ്മമായി പരിശോധിച്ച് അതു എങ്ങനെ മികവുറ്റതാക്കമെന്ന നൂതന ആശയങ്ങൾ കണ്ടെത്തുന്ന ഒരു ശാസ്ത്ര്ജ്ഞ്നാണു ഇദ്ദേഹം. 1971 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ ന്യൂജെർസി സ്റ്റയ്റ്റ് യൂണിവേഴ്സിറ്റിയുടെ രാമപ്പോ (Ramapo) കോളേജിൽ പ്രൊഫസ്സറായിരുന്നപ്പോൾ യുവാക്കളുടെ പ്രശ്നങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾക്ക് വേണ്ടി നടത്തിയ ഗവേഷണങ്ങൾ അദ്ദേഹത്തെ ഒരു മാനസിക വൈദ്യ വിദ്ഗ്ദ്ധനാക്കി. അദ്ദേഹം “Integral Development Therapy” എന്ന പുതിയ “മാനസിക–ശാരീര” ചികിത്സ സമ്പ്രദായത്തിനു രൂപം നൽകി. ജീവിതപങ്കാളിയായ ഡോണ പിള്ളയുമൊത്ത് ഇപ്പോഴും പ്രാക്ടീസ് ചെയ്യുന്നു.

മനുഷ്യ ജീവിതത്തിലെ പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുക അതിനായി ഗവേഷണം നടത്തുക എന്ന രീതി അദ്ദേഹം ചെറുപ്പം മുതലേ പിൻ തുടരുന്നു. മാനുഷിക മൂല്യച്യുതിയും അവൻെറ നിലനിൽപ്പും പ്രത്യേകിച്ച് സ്ത്രീകൾക്ക് നേരേയുള്ള ആക്രമണങ്ങളേയും പഠിക്കാനും അതിനെതിരെ പ്രവർത്തിക്കാനുള്ള ആഹ്വാനം നൽകാനും അദ്ദേഹം ഒരു സ്ഥാപനം നടത്തി വരുന്നു. അതാണ് New York Institute of Integral Human Development. (Inc.) മാത്രുഭാഷയുടെ അഭ്യാസത്തിലൂടെ ഒരു ശിശുവിൻെറ മസ്തിഷ്ക്കം വികസിക്കുന്നുവെന്ന വൈദ്യപാഠം അദ്ദേഹം കണ്ടെത്തി. അദ്ദേഹത്തിൻെറ സമഗ്ര വികാസന സാഹിത്യം എന്ന ഗ്രന്ഥം ഇതിലേക്ക് വെളിച്ചം വീശുന്നു.

മലയാളത്തേക്കാൾ ഇംഗ്ലീഷ് ഭാഷയിൽ ഇദ്ദേഹം പുസ്തകങ്ങൾ രചിച്ചത് ആ ഭാഷക്ക് വിശ്വമെമ്പാടുമുള്ള സ്വാധീനം കണക്കാക്കിയായിരിക്കം. എന്നാലും മലയാളിസമൂഹങ്ങളിൽ അദ്ദേഹത്തിൻെറ നിരന്തരം സാനിദ്ധ്യമുണ്ട്. ന്യൂയോർക്കിലെ മലയാളി എഴുത്തുകാരുടെ ആദ്യ സംഘടിത സംഘടനയായ സർഗ്ഗവേദിയുടെ പ്രഥമ പ്രസിഡണ്ടായും ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ടു.

King Lear, A Study of Human Order (1975) Transcendental Self (1985) Culture of Social Stratification (Kerala), (1987) തുടങ്ങിയ വിശ്വ പ്രസിദ്ധമായ ക്രുതികളിലൂടെ ഇദ്ദേഹം നൽകിയ വിശാലമായ പ്രവർത്തനങ്ങളുടെ വിവരണം വിട്ടുകൊണ്ട് മുഖ്യമായും ഈ ലേഖനം കേന്ദ്രീകരിക്കുന്നത് അദ്ദേഹം മലയാളഭാഷക്ക് നൽകിയ അമൂല്യ സംഭാവനകളെ വിലയിരുത്താനാണു.

ഒമ്പതോളം മലയാള പുസ്തകങ്ങളും കേരളത്തിലും അമേരിക്കയിലും (ജനനി, ഇ മലയാളി ഉൾപ്പടെ) അനവധി ലേഖനങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ടു. കേവലം കോളേജ് വിദ്യാർത്ഥിയായിരുന്നപ്പോൾ രചിച്ച ”സൗന്ദര്യഭൂമിയിലെ ജനത“ എന്ന സഞ്ചാര സാഹിത്യ പുസ്തകം കോളേജ് വിദ്യാർത്ഥികൾക്ക് പാഠപുസ്തകമായിരുന്നു. അനിതരസാധാരണമായ ധിഷണാവിലാസവും, സർഗ്ഗശക്തിയും ചെറുപ്പം മുതൽ ഇദ്ദേഹത്തിനു വരദാനമായി കിട്ടിയിട്ടുണ്ടെന്നു വേണം കരുതാൻ. ഇദ്ദേഹത്തിൻെറ രചനകളിലെ ഉൾക്കാഴ്ച്ച കഥാപാത്രങ്ങളുടെ സാമൂഹികബോധം അവരുടെ പ്രവർത്തികളിൽ പ്രകടമാണ്. ഘടനയിലും ആഖ്യാനത്തിലും ഡോക്ടർ എ.കെ.ബി പ്രകടമാക്കുന്ന മൗലികതയാണ് അദ്ദേഹത്തിൻെറ ക്രുതികളെ വേർതിരിച്ച് നിർത്തുന്നത്.

സൗന്ദര്യ ഭൂമിയിലെ ജനത എന്ന പുസ്തകം കാശ്മീരിലെ സുന്ദരന്മാരേയും സുന്ദരികളേയും മാത്രം വർണ്ണിക്കുന്ന ഒരു നോവലല്ല മറിച്ച് ആ പ്രദേശത്തിലെ ജനതയുടെ ജീവിതരീതിയും സംസ്കാരവും പ്രതിപാദിക്കുന്ന സഞ്ചാര സാഹിത്യ ക്രുതിയാണ്. കാൽപ്പനികത കലരുന്നെങ്കിലും യാഥാർത്ഥ്യവാദം (Realism) മുഖ്യമായി പരീക്ഷിക്കുന്നതിൻെറ ഭംഗി ഈ ക്രുതിയിൽ മുഴുനീളം നിഴലിക്കുന്നു. ഭാഷാ സൗകുമാര്യത്തോടൊപ്പം കാൽപ്പനിക മസ്രുണതകളുടെ ഒരു മാർദ്ദവം ഇതിലെ വരികളിലൂടെ നമുക്ക് അനുഭവപ്പെടും. മിനുസമാർന്ന ഇഴയടുപ്പത്തിൻെറ ചാരുത പുസ്തകം താഴെ വയ്ക്കാതെ വായിച്ച് തീർക്കാൻ വായനകാരനെ

പ്രേരിപ്പിക്കുന്നു. ഭാവനകൾ മാന്ത്രികമായിപോകാതെ അവയെ യാഥാർത്ഥ്യത്തിലുറപ്പിച്ച്കൊണ്ട് രചനാഭംഗികൾ നഷ്ടപ്പെടുത്താതെ സർഗ്ഗസ്രുഷ്ടി നടത്താനുള്ള ഡോക്ടർ പിള്ളയുടെ കഴിവിനെ അനുവാചകരും നിരൂപകരായ പ്രൊഫസ്സർ ഗുപ്തൻ നായർ, ഉള്ളാട്ടിൽ ഗോവിന്ദൻ കുട്ടി നായർ, രാഷ്ട്രീയ നേതാവ് സി. അച്യുതമേനോൻ തുടങ്ങിയവർ മുക്തകണ്ഠം പ്രശംസിച്ചതാണ്. ഓരോ വ്യക്തിയും കടന്നു പോകുന്ന, കടന്നു പോയ കാലത്തിൻെറ, സന്ദർഭങ്ങളിലൂടെ, സ്ഥലങ്ങളിലൂടെ കണ്ണോടിക്കുന്ന ഈ അനുഗ്രഹീത കഥാകാരൻ അതിൻെറ വിശദാംശങ്ങൽ മനസ്സിലാക്കുന്നു. അതു തൻെറ കഥാപാത്രങ്ങളിലൂടെ തന്മയത്വമായി ആവിഷ്ക്കരിക്കുന്നു. കല എന്തും വിഷയമാക്കുന്നു എന്നാൽ കലാകാരൻ കലാസ്രുഷ്ടിയുടെ മേന്മയാണു ലക്ഷ്യമാക്കുന്നത്. നാം ജീവിക്കുന്ന ലോകവും അവിടത്തെ മനുഷ്യരുമാണു എല്ലാ എഴുത്തുകാരും വിഷയമാക്കുന്നെങ്കിലും അവ ആവിഷ്ക്കരിക്കുന്നതിലുള്ള മികവാണു അവരുടെ ക്രുതികളെ മേന്മയുള്ളതാക്കുന്നത്. ഡോക്ടർ പിള്ള തൻെറ രചനകളിൽ അതിസൂക്ഷ്മമായ ശ്രദ്ധ പുലർത്തികൊണ്ട് അവയെ മികവുറ്റതാക്കാൻ ശ്രമിക്കുകയും വിജയിക്കുകയും ചെയ്യുന്നു.

ഇദ്ദേഹത്തിൻെറ ചില മലയാള കഥകളിൽ അനഭിലഷണീയമായ സാമൂഹ്യവ്യവസ്ഥിതിയോടുള്ള അമർഷം കാണാവുന്നതാണ്. അടുത്തകാലത്ത് ഇമലയാളിയിൽ പ്രസിദ്ധീകരിച്ച ഡോക്ടർ എ.കെ.ബി പിള്ളയുടെ "പെണ്ണുങ്ങൾ" എന്ന കഥാപരമ്പരയിലെ രണ്ടു കഥകൾ പരിശോധിക്കാം. അതിൽ അറബിപെണ്ണു എന്ന കഥ മുസ്ലീം സമുദായത്തിലെ ആചാരങ്ങളിൽ പ്രകടമാകുന്ന പുരുഷമേധാവിത്വത്തെ വിമർശിക്കുന്നു. ആദ്യരാത്രി കഴിഞ്ഞുണരുന്ന പുലരിയിൽ കിടക്കയിൽ രക്തക്കറ കാണണമെന്ന ആചാരത്തിനെതിരെ പ്രതികരിക്കുന്ന പെൺകുട്ടി വിദ്യഭ്യാസയോഗ്യതയുള്ളവളാണു. സാമ്പത്തിക ശേഷിയുള്ളവളാണ്. വിഷയം ലൈംഗികമായിട്ടും ആവിഷ്ക്കരണ ഭദ്രത ചോർന്നുപോകാതെ ഒട്ടും അശ്ലീലം പുരളാതെ വളരെ കയ്യടക്കത്തോടെയാണു ഈ കഥയുടെ ശിൽപ്പ ഘടന. സമൂഹത്തിൻെറ കർശനനിയമങ്ങളെ ലംഘിച്ച് സ്വാതന്ത്ര്യമുള്ള ഒരു നാട്ടിൽ യഥേഷ്ടം ജീവിച്ചെങ്കിലും കുടുംബമര്യാദകൾക്ക് വഴങ്ങുന്ന പെൺകുട്ടി അവളുടെ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്തപ്പോൾ തനിക്ക് സ്വാതന്ത്ര്യം തന്ന നാട്ടിലേക്ക് തിരിച്ച് പോകുന്നു. സ്ത്രീയുടെ സ്വാതന്ത്ര്യം അവൾ തന്നെ തേടേണ്ടതും നേടേണ്ടതുമാണെന്നു ഈ കഥ സമർത്ഥിക്കുന്നു. പ്രായം

പ്രലോഭനങ്ങൾക്ക് വഴങ്ങുന്നു അതു ആണിലായാലും പെണ്ണിലായാലും എന്ന സത്യം തുറന്നു പറയുകയാണ് കഥാകാരൻ. ഒരുമിച്ച് ചെയ്യുന്ന കുറ്റത്തിൽ ഒരാൾ മാത്രം ശിക്ഷിക്കപ്പെടുന്ന അസമത്വത്തോടുള്ള ഒരു ചോദ്യചി□്മായി ഈ കഥ നിൽക്കുന്നു.

ഈ കഥയോടനുബന്ധിച്ച് വരുന്ന കഥയാണ് 'അമ്മയും മകളും'. ഇതിലും പുരുഷമേധാവിത്വം സ്ത്രീയെ അടിമയായി അല്ലെങ്കിൽ വെറും ഉപഭോഗവസ്തുവായി കാണുന്ന പ്രമേയം തന്നെയാണ്. ഈ പ്രമേയും പുതുതല്ലെങ്കിലും അതിൻെറ അവതരണവും പരിണാമവും വ്യത്യസ്തമാക്കിയിരിക്കുന്നു കഥാകാരൻ. പക്ഷെ ഈ കഥയിൽ ഒരു പുരുഷൻ തന്നെ സ്ത്രീക്ക് ആശ്വാസമായി വരുന്നു. അതേസമയം ആ പുരുഷൻ സ്ത്രീയെ അമ്മയായി കരുതികൊണ്ടു സമീപിക്കുന്നു. കഥയിലെ ട്വിസ്റ്റ് അതാണു. സ്ത്രീകളെ ലൈംഗികമോഹത്തോടെ മാത്രം സമീപിക്കുന്ന പുരുഷന്മാരിൽ നിന്നു അവളെ അമ്മയായി അതായ്ത് ബഹുമാനത്തോടെ സമീപിച്ചാൽ സുരക്ഷ എന്ന വികാരവും കർത്തവ്യം എന്ന ഉത്തരവാദിത്വവും ഉണ്ടാകുമെന്നു ഈ കഥ തെളിയിക്കുന്നു. നഷ്ടപ്പെടുന്നവരും, ഇരയാക്കപ്പെടുന്നവരും സമൂഹത്തിൽ ധാരാളമുണ്ട്. സ്വന്തം ദുഃഖത്തിൽ വിലപിച്ച് ജീവിതം വ്യർത്ഥമാക്കുന്നതിനെക്കാൾ മറ്റുള്ളവർക്ക് സാന്ത്വനമാകാൻ കഴിയുക എന്ന മഹത്തായ സന്ദേശം ഈ കഥയിൽ കാണാം. അതേ സമയം ജീർണ്ണിച്ച സമൂഹനീതികളെ ഉദ്ധരിക്കാൻ സമയമായിയെന്ന ഓർമ്മപ്പെടുത്തലും ഈ കഥയിലുണ്ട്. ആഖ്യാനത്തിലും ആവിഷ്ക്കാരത്തിലും സർഗ്ഗാത്മകത നിർവ്വഹിക്കുന്നതിൽ എഴുത്തുകാരൻ ശ്രദ്ധപതിപ്പിക്കുമ്പോഴാണു ജീവിതത്തിലെ ഓരോ സംഭവങ്ങളും നമ്മെ ചിന്തിപ്പിക്കുന്നത്. സ്ത്രീകളെ ചൂഷണം ചെയ്യുന്ന പുരുഷമനസ്സുകൾക്ക് ഒരു മാറ്റമുണ്ടാകാൻ ഈ കഥ പ്രേരകമാകും. ഇതിൽ ഒരു ദൈവീക സാന്നിദ്ധ്യം പ്രത്യക്ഷപ്പെടുന്നുണ്ടു. ഇതിൽ കർമ്മഫലം(nemesis) എന്ന ഘടകം പ്രവർത്തിക്കുന്നതും കഥാക്രുത്ത് സൂചിപ്പിക്കുന്നു.

നമ്മളുടെ ദുഃഖത്തിൽ സാന്ത്വനവുമായി എത്തുന്ന ആൾ ദുഃഖത്തെ മാറ്റികൊണ്ട് നമ്മിൽ നിറയുന്ന ഒരു മാനസികാവസ്ഥ ഈ കഥയിലൂടെ അദ്ദേഹം വ്യക്തമാക്കുന്നു. അവരിൽ നമ്മൾ അർപ്പിക്കുന്ന വിശ്വാസത്തിലൂടെ നമ്മുടെ ദുഃഖം ലഘൂകരിക്കുന്നു. അപ്പോഴാണു ഹ്രുദയ വിശാലത കൂടുന്നത്. മരിച്ച്പോയ മകൾക്ക് പകരം വേറൊരു പെൺകുട്ടിയെ ജീവിതത്തിലേക്ക് സ്വീകരിക്കാൻ ഒരമ്മക്ക് കഴിയുന്നു. ജീവിതത്തിൽ നമ്മൾ അനുഭവിക്കുന്ന വേദനയും,

നിസ്സഹായതയും, ഉത്കണ്ഠയുമെല്ലാം ലളിതമായി പ്രതിപാദിക്കുന്ന ഒരു രചനാ തന്ത്രം ഇതിൽ ഉപയോഗിച്ചിരിക്കുന്നത് കാണാം. ചില പ്രശ്നങ്ങൾ കാലം പരിഹരിക്കുന്നു അല്ലെങ്കിൽ കർമ്മഫലം ഒരാൾക്ക് കിട്ടുന്നു എന്ന യാഥാർത്ഥ്യവും വളരെ പ്രകടമാണ്.

അദ്ദേഹത്തിൻെറ ജീവിതത്തിലെ മൂന്നാം ഘട്ടത്തിലെ ജീവിത പഠന പര്യടനങ്ങൾ, മാനവശാസ്ത്രജ്ഞനും, സഹിത്യകാരനും എന്ന നിലയ്ക്ക്, ചർച്ചകൾക്ക് നേത്രുത്വം നൽകിയും, പത്രമാസികകൾക്ക് കൂടിക്കാഴ്ച്ചയിലൂടെ പ്രസ്താവനകൾ നൽകിയും പ്രബന്ധങ്ങളുടെ അവതരണത്തിലൂടേയും, ജപ്പാൻ, ചൈന, നോർവേ, ഫ്രാൻസ്, തായ്ലണ്ട്, കോസ്റ്ററിക്കാ, മെക്സിക്കോ തുടങ്ങിയ രാഷ്ട്രങ്ങളിലായിരുന്നു. ഈ പര്യടനത്തിത്തിൻെറ പ്രധാനഗവേഷണ വിഷയം, മാനുഷികമൂല്യങ്ങളുടെ തകർച്ചയുടെ പരിഹാരങ്ങളും പുനഃസ്രുഷ്ടിക്കേണ്ട പ്രക്രിയകളും ആയിരുന്നു. ഇവയുടെ പരിണാമഫലമായാണ് സ്ത്രീത്വത്തിൻെറ ശാക്തീകരണം ഒരു പ്രധാന ലക്ഷ്യമായി തീർന്നതും, ഡോ. എ.കെ.ബിയുടെ പെണ്ണുങ്ങൾ എന്ന കഥാപരമ്പരയും, Fiery Angels for a New Dawan എന്ന ഇപ്പോൾ പ്രസിദ്ധീകരണത്തിനു തയ്യാറാകുന്ന നോവലും. പണിപ്പുരകൾ– 1980 മുതൽ ഇടയ്ക്കിടെ അമേരിക്കൻ മുഖ്യധാരയിലെ എഴുത്തുകാർക്ക് വേണ്ടി ഡോക്ടർ പിള്ള സർഗ്ഗാത്മക സാഹിത്യത്തിൻെറ പണിപ്പുരകൾ നടത്തി വരുന്നു.

സ്ത്രീകൾ ആർജ്ജിക്കേണ്ട ശക്തിയും ആ ശക്തി എങ്ങനെ വിനിയോഗിക്കണമെന്നുള്ള മാർഗ്ഗദർശനങ്ങളും അടങ്ങുന്ന പുസ്തകങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ടു. പ്രസിദ്ധീകരണത്തിനു തയ്യാറായിട്ടുള്ള മറ്റു പുസ്തകങ്ങൾ.

- Women and Children (2014)
- A Manifesto of Hinduism (2015)
- A  Manifesto of Kerala's Development (2015)
- Making of the Ultimate Human (2018)
- Self Poems of Aspiration (2017)
- Hindu medical System (2018)
- Integral Development of Literature (English and Malayalam) 2018

- Integral Development Therapy (2018)
- Fiery Angels for a new Dawan (2018) An epic novel
- സമഗ്ര വികാസ സാഹിത്യവും മലയാളവും
- ലാന, ഇ–മലയാളി, നാമം, വിചാരവേദി എന്നീ സ്ഥാപനങ്ങളിൽ നിന്നും വിശിഷ്ട ബഹുമതിയും, ലൈഫ് ടൈം എച്ചീവ്മെൻറ് അവാർഡും ഉൾപ്പെടെ ഏറ്റവും കൂടുതൽ ബഹുമതികൾ നേടിയിട്ടുള്ള സാഹിത്യകാരനാണു ഡോക്ടർ എ.കെ. ബി. പിള്ള.
- എഴുത്തുകാരോട് ഡോക്ടർ എ.കെ.ബിക്ക് പറയാനുള്ളത് "സ്വന്തം മനഃസുഖത്തിനു വേണ്ടി, അഭ്യാസത്തിൽ ശ്രദ്ധ വയ്ക്കാതെ, രചന നടത്തുന്ന എഴുത്തുകാർക്ക് ഞാൻ എതിരല്ല. ദുരന്തങ്ങൾ കൊണ്ടു നീറുന്ന ഇന്നത്തെ വ്യവസ്ഥിതിയിൽ, സാമൂഹ്യ വിരുദ്ധമല്ലാത്ത ഏതു രചനയിലും, ആളുകൾ ആശ്വാസം കൊള്ളട്ടെ. എന്നാൽ സാഹിത്യസ്രുഷ്ടി ജീവിത പ്രധാനമായി കരുതുന്നവർ ഈ പ്രബന്ധത്തിൽ പ്രസ്താവിച്ചിട്ടുള്ളത്പോലെ നാം മാനസികധൈര്യവും, സാംസ്കാരിക നന്മകളുമായി തദാത്മ്യവും നേടണം. ഉൾക്കാഴ്ച്ചയോടെ കേരളത്തിൻെറ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പഠിക്കുകയും, അവ മാനുഷികമൂല്യങ്ങളുടെ അടിസ്ഥാനത്തിലുള്ള പരിഹാരങ്ങളും, പുനഃസ്രുഷ്ടിയും, ക്രുതികളിലൂടെ വരുത്തണം. സാഹിത്യകാരൻെറ സാമൂഹ്യമായ ഉത്തരവാദിത്വത്തോടെ എഴുതണം. അങ്ങനെയാണു നാം മാർഗ്ഗദർശികളായി തീരുന്നത്. (സാഹിത്യകാരൻെറ വ്യക്തി വികാസവും സ്രുഷ്ടിയും – കണ്ടെത്തലുകൾ – ഡോക്ടർ എ.കെ.ബി പിള്ള – ലാനേയം, 2017 കൺവൻഷൻ പ്രസിദ്ധീകരണം)

ഡോക്ടർ എ.കെ.ബി പിള്ള സാറിനു എല്ലാ നന്മകളും നേരുന്നു.

**ശുഭം**